**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 617 — 10.06.2014-ൽ മറുപടിയ്ക്ക്

## ആദിവാസി ഊരുകളിലെ ശൈശവ വിവാഹം

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി ഊരുകളിൽ ശൈശവ വിവാഹം വ്യാപകമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006-ലെ ശൈശവ വിവാഹ നിരോധന ആക്ട് പ്രകാരം ആൺകുട്ടികൾ 21 വയസ്സിന് താഴെയും പെൺകുട്ടികൾ 18 വയസ്സിന് താഴെയുമുള്ള വിവാഹം നിയമാനുസൃതം അനുവദനീയമല്ല. എന്നിരുന്നാലും കേരളത്തിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ ചില പ്രത്യേക വിഭാഗത്തിലുള്ളവർ അംഗീകൃത വിവാഹ പ്രായമെത്തുന്നതിന് മുൻപ് സാമൂഹ്യ പരമായ കാരണങ്ങളാൽ വിവാഹം കഴിക്കുന്ന അവസ്ഥയുണ്ട്. നിശ്ചിത പ്രായം കഴിഞ്ഞാൽ പെൺമക്കളുടെ വിവാഹം നടക്കുകയില്ല എന്ന പാരമ്പര്യ വിശ്വാസവും കീഴ്വഴക്കവുമാണ് ഇതിന് കാരണം. നിയമപരമായി ഇത്തരം വിവാഹങ്ങൾക്ക് സാധുതയില്ലെ ന്നുള്ളതും, ഇത്തരം വിവാഹങ്ങൾ ദമ്പതികളിൽ ഗൗരവമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമെന്നുമുള്ള വിവരങ്ങളുടെ അജ്ഞതയും, |
| ബി) | ശൈശവ വിവാഹം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) & സി) | |
| സി) | ഇതു സംബന്ധിച്ച് മാതാപിതാക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഗോത്രപരമായി തുടർന്നു പോരുന്ന കീഴ്വഴക്കങ്ങൾ തുടരാനുള്ള ചില രക്ഷിതാക്കളുടെ നിർബന്ധ ബുദ്ധിയുമാണ് ഇത്തരം ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നതിന് കാരണം.<br>വിദ്യാഭ്യാസപരമായ മുന്നേറ്റത്തിലൂടെയും കാര്യകാരണയുക്തമായ മാർഗ്ഗങ്ങളിലൂടെ രക്ഷിതാക്കളെ ബോധവൽക്കരിച്ചും ഇക്കാര്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്. അതിനുള്ള ബോധവൽക്കരണ പരിപാടി പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. |
| ഡി) | ആദിവാസി ഊരുകളിൽ സുലഭമായി മദ്യം ലഭ്യമാകുന്നതായിട്ടുള്ള വിവരം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; | ഡി) & ഡി) | ഉണ്ട്. പട്ടികവർഗ്ഗ ഊരുകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും, പുകയിലയുടെയും ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.<br>എക്സൈസ്, പോലീസ്, വനം വകുപ്പുകളുടെ സഹായത്തോടെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മദ്യലഭ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| ഇ) | മദ്യത്തിന്റെ ലഭ്യത തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ